**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2091** **21-06-2024 - ൽ മറുപടിയ്ക്ക്**

**ബോംബ് സ്ഫോടന കേസിലെ പ്രതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2015 ജൂൺ ആറിന് കണ്ണൂർ ജില്ലയിലെ പാനൂർ ചെറ്റകണ്ടി കൊക്രാട്ട് കുന്നിൽ നടന്ന സ്ഫോടനത്തിൽ കൊല്ലപ്പെട്ട ഷൈജു, സുബീഷ് എന്നിവർക്കെതിരെ പോലീസ് കേസ് ഫയൽ ചെയ്യുകയുണ്ടായോ; | (എ) | കൊളവല്ലൂർ പോലീസ് സ്റ്റേഷൻ Cr.No. 489/2015 ആയി രജിസ്റ്റർ ചെയ്ത കേസിൽ ഷിജു,സുബീഷ് എന്നിവർ ഉൾപ്പെട്ടിരുന്നു. ഇവർക്ക് പുറമേ രതീഷ്(3),നിജീഷ് വി.കെ(4), വി.എം.ചന്ദ്രൻ(5), ബിജിത്ത് ലാൽ(6),നിർമ്മല(7),എം.സി.ബിനു(8),ജിഷ്ണു(9) ,വടക്കെകാരൽ കുമാരൻ(10) എന്നിവരും പ്രതികളായി ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ 7 ഉം 10ഉം പ്രതികൾക്കെതിരെ IPC 201 പ്രകാരവും മറ്റു പ്രതികൾക്കെതിരേ IPC 304,Sec.3,4 and 5 of ES Act എന്നീ വകുപ്പുകൾ പ്രകാരവുമാണ് കേസ് രജിസ്റ്റർ ചെയ്തത്. പോലീസ് അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. ബഹു.കോടതി വിചാരണ പൂർത്തിയാക്കി വിധി പുറപ്പെടുവിക്കുന്ന മുറക്ക് മാത്രമേ വിവരം ലഭ്യമാകുകയുള്ളൂ. |
| (ബി) | ഏതു രാഷ്ട്രീയ കക്ഷിയിൽപ്പെട്ട ആളുകളാണ് കേസിൽ ഉൾപ്പെട്ടിട്ടുള്ളതെന്നും ഓരോരുത്തരുടെയും പേര് വിവരങ്ങളും ഇവർക്കെതിരെ ചുമത്തിയിട്ടുള്ള കുറ്റകൃത്യങ്ങളും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഉത്തരം A യിൽ ചേർത്തിരിക്കുന്നു. |
| (സി) | കേസിന്റെ നിലവിലെ സ്ഥിതി എന്താണെന്നും കേസ് അന്വേഷണം പൂർത്തീകരിക്കുകയുണ്ടായോയെന്നും കേസ് അന്വേഷിച്ചതിൽ ആരെയൊക്കെയാണ് കുറ്റവാളികളായി കണ്ടെത്തിയിട്ടുള്ളതെന്നും വിശദമാക്കാമോ? | (സി) | ഉത്തരം A യിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ